## കേരളാ ടൂറിസം വികസന കോർപ്പറേഷനേറയും, ടൂറിസം ഡിപ്പാർട്ടുമെൻറിനേറയും പ്രവർത്തനങ്ങൾ ഏകീകരിക്കാൻ നടപടി

*245 [383] ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്:
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ:
,, സി. കെ. തങ്കപ്പൻ:
,, ഇ. പത്മനാഭൻ:
,, കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) കേരളാ ടൂറിസം വികസന കോർപ്പറേഷനേറയും ടൂറിസം ഡിപ്പാർട്ടുമെൻറിനേറയും പ്രവർത്തനങ്ങൾ ഏകീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനേറ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) ഇപ്പോൾ ഇതു സംബന്ധിച്ചു വിശദാംശങ്ങളൊന്നുംതന്നെ ഗവൺമെൻറിനേറ പരിഗണനയിലില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: കേരള ടൂറിസം വികസന കോർപ്പറേഷനേറ പ്രവർത്തനങ്ങൾ ടൂറിസത്തിന് ഉപകരിക്കുന്ന തരത്തിൽ വ്യവസായമെന്ന നിലയിൽ വികസിപ്പിക്കുന്നതിന് ഭാവനാപരമായ പരിപാടികൾ ആവിഷ്കരിക്കാൻ അപര്യാപ്തമാണെന്ന വിമർശനം ഇക്കഴിഞ്ഞ എത്രയോ വർഷങ്ങളായി ഈ സഭയിൽത്തന്നെ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ആര് ഭരിച്ചാലും ആ വിമർശനങ്ങൾ ഉണ്ടായിട്ടുണ്ട്. അത് കണക്കിലെടുക്കണം. ചില രാജ്യങ്ങളുടെ പ്രധാന വരുമാനം (ഏകവരുമാനം) തന്നെ ടൂറിസത്തിൽ നിന്നുള്ളതാണ്. അങ്ങനെ വരുമാനമുള്ള ഒരു സംസ്ഥാനമാക്കി കേരളത്തെ മാറ്റാൻ കഴിയും. അത്തരത്തിൽ ഭാവനാപൂർവ്വമായ പരിപാടി ആവിഷ്കരിക്കാൻ എന്തെങ്കിലും സംവിധാനം ഉണ്ടാക്കാൻ ഗവൺമെൻറ് സന്നദ്ധമാണോ?

* ശ്രീ. കെ. കരുണാകരൻ: ടൂറിസത്തിന് ധാരാളം സാദ്ധ്യതകളുള്ള ഈ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ആ ലക്ഷ്യം നേടാൻ നമുക്ക് സാധിച്ചിട്ടില്ല എന്നുള്ളത് ശരിയാണ്. കേരളത്തിനേറ പ്രകൃതിരമണീയത മറ്റ് പ്രദേശങ്ങളിൽ അറിയിക്കുന്ന കാര്യത്തിലും നമ്മൾ പരാജയപ്പെട്ടിരിക്കുകയാണ്. ഗവൺമെൻറ് ഓഫ് ഇൻഡ്യയുടെ പ്രസിദ്ധീകരണ വിഭാഗവും അതിന് കാരണക്കാരാണ്. ഇത് ഗവൺമെൻറ് ഓഫ് ഇൻഡ്യയുടെ ശ്രദ്ധയിൽപ്പെടുത്തി. അടുത്തകാലത്തായി കാര്യമായ മാറ്റം ഇക്കാര്യത്തിൽ ഉണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ഒരു പ്ലാൻ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. മാത്രമല്ല, മാനേജ്മെൻറിനേറ കാര്യത്തിൽ, പ്രൊമോഷൻ കൊടുത്ത് ആരെയെങ്കിലും,

LIBRARY ARCHIVES Kerala Legislative Assembly

നിയമിക്കുന്ന ഏർപ്പാടിനു പകരം ഇക്കാര്യത്തിൽ പരിചയ സമ്പന്നരും സാങ്കേതിക പരിജ്ഞാനമുള്ളവരുമായ ആളുകളെ കൊണ്ടുവന്ന് അതിന്റെ തലപ്പത്തുവച്ച് പുനഃസംഘടിപ്പിക്കാനുള്ള തീരുമാനം ഗവൺമെന്റ് എടുത്തിട്ടുണ്ട്.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: ഭരണപക്ഷത്തിനുതന്നെ വളരെ ആക്ഷേപകരമായ വിമർശനങ്ങൾ ഉള്ള മാനേജ്മെന്റാണ് ഇന്ന് ഇത് നയിക്കുന്നത്. അതുകൊണ്ട് അടിയന്തിരമായി അതിന് ഒരു പരിഹാരം കാണാൻ ശ്രമിക്കുമോ?

ശ്രീ. കെ. കരുണാകരൻ: അതല്ല. വിദഗ്ദ്ധമായി കൈകാര്യം ചെയ്യാൻ അറിയാവുന്ന ആളുകൾ വേണമെന്നുള്ളതുകൊണ്ട് താമസിയാതെ ആളുകളെ നിയമിക്കുന്നതാണ്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ: കേരള ടൂറിസം വികസന കോർപ്പറേഷനിൽ അടുത്തകാലത്തായി വളരെയധികം അഴിമതി നടന്നിട്ടുള്ളതായും അതിന്റെ ബോർഡിന്റെ പ്രവർത്തനം തന്നെ നിശ്ചലമായി കിടക്കുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? ആ ബോർഡ് കൂടാതെ കുറേനാൾ കിടന്നു. അത് പുനഃസംവിധാനം ചെയ്യാനോ പ്രവർത്തിപ്പിക്കാനോ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ? എന്താണ് ഇതിന്റെ കാരണം?

ശ്രീ. കെ. കരുണാകരൻ: ആദ്യത്തെ ഭാഗം ശരിയല്ല. രണ്ടാമത്തെ ഭാഗത്തെ സംബന്ധിച്ച് പറഞ്ഞു. അത് കൂടുതൽ കാര്യക്ഷമമായി നടത്താനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ: ടൂറിസം ഒരു വ്യവസായമാക്കണമെന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ് ഡിപ്പാർട്ടുമെന്റും കോർപ്പറേഷനും ഏകോപിപ്പിച്ച് ഒന്നിച്ചു കൊണ്ടുപോകണം എന്നുള്ള ധാരണയുണ്ടായത്. അങ്ങനെയാണെങ്കിൽ വിദേശടൂറിസ്റ്റുകളെ ആകർഷിക്കാൻ കഴിയുമെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ രാവിലെ കടലിൽ കുളിച്ച് ബ്രേക്ക്ഫാസ്റ്റ് മലമുകളിൽ നടത്താൻ കഴിയുന്ന കോവളവും പൊൻമുടിയുമായി ബന്ധിപ്പിച്ചുകൊണ്ടുള്ള ബക്കറുടെ മാസ്റ്റർ പ്ലാൻ ഈ ഗവൺമെന്റ് അംഗീകരിച്ചിരിക്കുന്നു. ആ മാസ്റ്റർ പ്ലാൻ നടപ്പിലാക്കാൻ ഇപ്പോഴത്തെ ഈ ഗവൺമെന്റ് തയ്യാറാകുന്നില്ല എന്ന് കഴിഞ്ഞദിവസം ഒരു ചോദ്യത്തിന് മറുപടിയായി മുഖ്യമന്ത്രി പറഞ്ഞതായി കണ്ടു. ആ മാസ്റ്റർപ്ലാനിന്റെ ബാക്കി പരിപാടികൾകൂടി പൊൻമുടിയിലും കോവളത്തും നടപ്പിലാക്കാൻ ഈ ഗവൺമെന്റ് തയ്യാറാകുമോ? അതിനുള്ള ബുദ്ധിമുട്ട് എന്തൊക്കെയാണ്?

ശ്രീ. കെ. കരുണാകരൻ: സംയോജിപ്പിക്കുന്ന കാര്യത്തിൽ—രണ്ടിനും രണ്ട് ഫംഗ്ഷനുകളാണുള്ളത്. ടൂറിസ്റ്റ് ഡിപ്പാർട്ടുമെന്റ് ഈ സ്റ്റേറ്റിന്റെ ഗസ്റ്റിനെ സ്വീകരിക്കുന്ന കാര്യവും അവർക്കുള്ള ഫെസിലിറ്റീസ് കൊടുക്കുന്ന കാര്യവും ടൂറിസം പ്രചരിപ്പിക്കുന്ന കാര്യവും ഒക്കെയാണ് നടത്തുന്നത്. അതിനുള്ള പ്ലാൻ തയ്യാറാക്കിക്കഴിഞ്ഞു. ഇതിന്റെ ബിസിനസ് സൈഡ് വച്ചുകൊണ്ടുള്ള ഏക്സിക്യൂട്ടീവ് വർക്കാണ് കോർപ്പറേഷൻ നടത്തുന്നത്. ഇത് രണ്ടും രണ്ടായിട്ട് നിൽക്കേ

LIBRARY ARCHIVES Kerala Legislative Assembly

ണ്ടത് ആവശ്യമാണ്. ഇതിനെ സംബന്ധിച്ച് സമർപ്പിച്ചിട്ടുള്ള പ്ലാനുകളും പരിശോധിച്ചതിനുശേഷമാണ് ഇത് വിപുലപ്പെടുത്താനുള്ള തീരുമാനമെടുത്ത് അതിനുള്ള നടപടികളും സ്വീകരിച്ചിട്ടുള്ളതെന്നു ഞാൻ പറഞ്ഞു.

ശ്രീ. സി. കെ. തങ്കപ്പൻ: കേരളത്തിന്റെ മനോഹരമായ പ്രകൃതി സൗന്ദര്യം ആസ്വദിക്കുന്നതിന് ഇവിടെ പലപ്പോഴും എത്താറുള്ള വിദേശ സഞ്ചാരികളുടെ നേരെ ചില ഒറ്റപ്പെട്ട ആക്രമണങ്ങളും നടക്കാറുണ്ട്. അത് നമ്മുടെ നാട്ടിൽ എല്ലാവർക്കുമറിയാം. ഇത് തുടരാതിരിക്കുന്നതിനും വിദേശസഞ്ചാരികൾക്ക് സംരക്ഷണം ഉറപ്പ് വരുത്താനുമുള്ള അടിയന്തിര നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കെ. കരുണാകരൻ: വിദേശ സഞ്ചാരികളെക്കുറിച്ച് അടുത്ത ചോദ്യമുണ്ട്. സംരക്ഷണം ആർക്കായാലും ഏർപ്പെടുത്താൻ ഗവൺമെന്റ് ബാദ്ധ്യസ്ഥമാണ്, അത് ചെയ്യുകയും ചെയ്യും.

ശ്രീ. സി. കെ. തങ്കപ്പൻ: കൊല്ലം ജില്ലയിലെ ശാസ്താംകോട്ട പ്രദേശം പ്രകൃതിസൗന്ദര്യം വഴിഞ്ഞൊഴുകുന്ന പ്രദേശമാണ്. അതു കൊണ്ട് ശാസ്താംകോട്ടയും തെൻമല പ്രദേശവും ടൂറിസ്റ്റ് കേന്ദ്രമായി ഉയർത്താൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കരുണാകരൻ: കേരളം മുഴുവൻ തന്നെ പ്രകൃതിരമണീയമാണ്. ഓരോ സ്ഥലം നോക്കിയാലും ഏതിനാണേതിനാണ് പ്രാധാന്യം എന്ന് തോന്നിപ്പോകും.

ശ്രീ. ഇ. പത്മനാഭൻ: ടൂറിസം വകുപ്പ് ഇപ്പോഴും ഗവൺമെന്റിന്റെ ഒരു ഹോസ്പിറ്റാലിറ്റി വിംഗ് മാത്രമായിട്ടാണ് പ്രവർത്തിച്ചുവരുന്നത്. ഇവിടെ പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങളെല്ലാം ടൂറിസം വികസനത്തിന് ആവശ്യമായ രീതിയിലല്ല പല സ്ഥലങ്ങളിലും പ്രവർത്തിക്കുന്നത്. പൊൻമുടി ടൂറിസ്റ്റ് കേന്ദ്രമാണെങ്കിലും അത് ടൂറിസം ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ കീഴിലല്ല, ടൂറിസം ഡിപ്പാർട്ടുമെന്റിന്റെ കീഴിലാണ്. ആ രീതിയിൽ ടൂറിസം വികസനത്തിനുള്ള സൗകര്യങ്ങളും ഇന്നും അതിന്റെ സംവിധാനത്തിൽ ഉണ്ടായിട്ടില്ല. ടൂറിസം ഡിപ്പാർട്ടുമെന്റ് എറണാകുളം ഗസ്റ്റ് ഹൗസ് മുതൽ നിരവധി ഗസ്റ്റ് ഹൗസുകളിൽ നടന്നുകൊണ്ടിരിക്കുന്ന അഴിമതികളെക്കുറിച്ചും ബില്ലിൽ വരുത്തിയിട്ടുള്ള തിരിമറികളെക്കുറിച്ചും ഒട്ടേറെ ആക്ഷേപങ്ങളുണ്ടായിട്ടുണ്ട്. ഗവൺമെന്റ് ഉദ്യോഗസ്ഥൻമാരും വി. ഐ. പി. മാരും താമസിക്കുന്ന ഇത്തരം സ്ഥാപനങ്ങളിൽ വൻതോതിൽ അഴിമതിയും കൊള്ളയും നടക്കുന്നുണ്ട് എന്ന് പത്രങ്ങളിൽ വന്നതാണ്. അത് പരിഹരിക്കുന്നതിന്, ആ ഡിപ്പാർട്ടുമെന്റിനെ നിയന്ത്രിക്കുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്താൻ ആലോചിക്കുന്നുണ്ടോ?

ശ്രീ. കെ. കരുണാകരൻ: മറ്റ് പല സ്ഥലങ്ങളിലും ഉയർന്നുവരുന്നതുപോലെ ആക്ഷേപം ഇവിടേയും ഉയർന്നുവന്നിട്ടുണ്ടാകും. എറണാകുളത്തെ സംബന്ധിച്ചിടത്തോളം നടപടി സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. ടൂറിസം ഡിപ്പാർട്ടുമെന്റ് കേവലം അതിഥികളെ സ്വീകരിക്കാനുള്ളതു മാത്രമാണെന്നുള്ള ധാരണ തെറ്റാണ്. ഇന്ന് അത് പ്രവർത്തിച്ചുവരു

LIBRARY ARCHIVES Kerala Legislative Assembly

ന്നതും ആ നിലയിൽ അല്ല. ശദ്ധിക്കപ്പെടേണ്ടതെയും ശദ്ധിക്കപ്പെടാതിട്ടില്ല എന്നത് സത്യമാണെങ്കിൽത്തന്നെ അത് പരിഹരിക്കാൻ വേണ്ടി മാസ്റ്റർ പ്ലാൻ തയ്യാറാക്കിയെന്ന് ഞാൻ നേരത്തെ സൂചിപ്പിച്ചു. ഏതെല്ലാം കേന്ദ്രങ്ങളാണ് നമുക്ക് വികസിപ്പിച്ചെടുക്കേണ്ടതായിട്ടുണ്ട്, ഇൻഡ്യയ്ക്ക് അകത്തും പുറത്തും ഉള്ള ടൂറിസ്റ്റുകളെ ഏതു നിലയിൽ ആകർഷിക്കാൻ സാധിക്കും എന്നൊക്കെയുള്ളതിന് വ്യക്തമായ കാഴ്ചപ്പാടുള്ള ഒരു നടപടിയാണ് അടുത്തകാലത്ത് സ്വീകരിച്ചുവരുന്നത്.

ശ്രീ. ഇ. പത്മനാഭൻ: ടൂറിസം ഒരു വ്യവസായമായി പ്രഖ്യാപിച്ചു കഴിഞ്ഞിട്ടുള്ള ഈ സാഹചര്യത്തിൽ ആ വ്യവസായത്തിന്റെ സമഗ്രമായ വികസനത്തിന് ആവശ്യമായ മൂലധനം സംഭരിക്കുന്നതിനും പ്രത്യേക വിനോദസഞ്ചാരകേന്ദ്രങ്ങളും സ്റ്റേറ്റിന്റെ പല ഭാഗങ്ങളിലും വികസിപ്പിച്ചെടുക്കുന്നതിനും ആവശ്യമായ രീതിയിൽ ടൂറിസം ഡവലപ്പ്മെന്റ് കോർപ്പറേഷൻ ശക്തിപ്പെടുത്തുന്നതിനും അതിനുള്ള ഫിനാൻസിംഗ് ഉൾപ്പെടെ ചെയ്യുന്ന രീതിയിൽ കോർപ്പറേഷന്റെ പ്രവർത്തനം വികസിപ്പിക്കുന്നതിന് കോർപ്പറേഷനെ ഒരു സ്റ്റാറ്റ്യൂട്ടറി ബോഡിയാക്കി മാറ്റുന്നതിനും ആവശ്യമായ നിയമനിർമ്മാണം ഉൾപ്പെടെ കൊണ്ടുവരുന്നതിന് ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കെ. കരുണാകരൻ: ടൂറിസം ഡവലപ്പ് ചെയ്യുന്നതിനുവേണ്ടിയുള്ള നടപടികളെക്കുറിച്ച് ഞാൻ ഇവിടെ പ്രസ്താവിച്ചുകഴിഞ്ഞു. വ്യവസായമായി പ്രഖ്യാപിച്ചിട്ടുള്ളതുതന്നെ അവർക്ക് ആവശ്യമായ സാമ്പത്തിക സഹായവും മറ്റ് വ്യവസായങ്ങൾക്ക് കൊടുത്തുവരുന്ന സൗകര്യങ്ങളും ടൂറിസത്തിന് നൽകണം എന്ന് ഉദ്ദേശിച്ചുകൊണ്ടാണ്. അവർക്ക് സാമ്പത്തികമായ സഹായം ഏതേത് കേന്ദ്രത്തിൽ നിന്ന് ലഭ്യമാകും, എന്തെല്ലാം സൗകര്യങ്ങൾ ലഭ്യമാകും എന്ന് ഇതിൽത്തന്നെ വ്യക്തമാക്കിയിട്ടുണ്ട്. അത് അടുത്ത ചോദ്യത്തിൽ വരുന്നതിന്റെ ഭാഗമാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ടൂറിസം ഡിപ്പാർട്ടുമെന്റിന്റെ ബഡ്ജറ്റ് അലോട്ട്മെന്റിൽ മഹാഭൂരിപക്ഷവും ചെലവാക്കുന്നത് മന്ത്രിമാരുടെ കാർ വാങ്ങുന്നതിനും അതിഥി മന്ദിരങ്ങൾ ഒരുക്കുന്നതിനും വേണ്ടിയാണ് എന്നാണ് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. അത് മാറ്റി ടൂറിസം വികസനത്തിനുവേണ്ടി തന്നെ ബഡ്ജറ്റ് അലോട്ട്മെന്റ് ഉണ്ടാക്കാനും ടൂറിസം വികസനത്തെ ഒരു ലക്ഷ്യമായി കാണാനും ഈ ഗവൺമെന്റ് തയ്യാറാകുമോ? അതിന് സഹായകമാകുന്ന വിധത്തിൽ മന്ത്രിമാരുടെ കാര്യങ്ങളും മറ്റ് കാര്യങ്ങളും നോക്കാൻ വേണ്ടി ഒരു പ്രത്യേക പ്രോട്ടോകോൾ ഡിപ്പാർട്ടുമെന്റ് രൂപീകരിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കരുണാകരൻ: ടൂറിസം ഡിപ്പാർട്ടുമെന്റ് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനത്തിൽ ചിലർ മന്ത്രിമാരുടെ കാർ മാത്രം കാണും. മറ്റ് ചിലർ ഗസ്റ്റ് ഹൗസ് മെയിൻറനൻസ്, ശമ്പളം, ഉത്സവങ്ങൾ തുടങ്ങിയവ കാണും. മന്ത്രിമാരുടെ കാറിന്റെ സ്ഥിതി പറഞ്ഞാൽ വളരെ ദയനീയമാണ്. പല കാറുകളും പലപ്പോഴും വഴിയിൽ കിടക്കും; എങ്കിൽ പോലും ഈ രംഗത്ത് മാറ്റം വരുത്തുന്നതിൽ തെറ്റില്ല. പക്ഷേ, ഇപ്പോൾ ഡിപ്പാർട്ടുമെന്റിന്റെ ഫംഗ്ഷൻ അതല്ല.



LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ടൂറിസം ഡിപ്പാർട്ടുമെന്റിന്റെ വികസനത്തിന് സഹായകമാകുന്ന വിധത്തിൽ ടൂറിസം ഡയറക്ടർ ഗവൺമെന്റിന് എന്തെങ്കിലും നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ; അതിന്റെ ഭാഗമായി ജില്ലാകേന്ദ്രങ്ങളിൽ ഓഫീസ് തുടങ്ങാനും ജില്ലയിൽ ഒരു ഓഫീസറെ നിയമിക്കുന്നതിനും വേണ്ട നടപടികളും ഉണ്ടാകണമെന്ന് പറഞ്ഞു. ഗവൺമെന്റ് എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ?

ശ്രീ. കെ. കരുണാകരൻ: ഏതാനും നിർദ്ദേശങ്ങൾ ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്.

ശ്രീ. പി. പി. തങ്കച്ചൻ: കേരളത്തിലേക്ക് വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനുവേണ്ടി ഇൻഡ്യയിലെ പ്രധാനപ്പെട്ട പട്ടണങ്ങളായ ഡൽഹി, ബോംബെ, കൽക്കട്ട, മദ്രാസ് മുതലായ സ്ഥലങ്ങളിൽപ്പോലും പ്രചരണപരിപാടികളില്ലെന്നുള്ള ഒരു കുറവ് വല്ലാതെ അനുഭവപ്പെടുന്നുണ്ട്. ഡൽഹിയിൽ നമുക്ക് സ്വന്തമായി കേരളാഹൗസും മറ്റും ഉണ്ടെങ്കിലും ഇത്തരം കാര്യങ്ങൾക്കുവേണ്ട ഓഫീസ് വേറൊരു സ്ഥലത്താണ് പ്രവർത്തിക്കുന്നത്. ഇക്കാര്യങ്ങൾ പരിഗണിച്ചുകൊണ്ട് കൂടുതൽ പ്രചരണം ഈ രംഗത്തു കൊടുക്കുവാൻ വേണ്ടിയിട്ട് ഡെവലപ്പ്മെന്റ് ഡിപ്പാർട്ടുമെന്റിനേയോ അല്ലെങ്കിൽ കോർപ്പറേഷനേയോ ഇതിനുവേണ്ടി എന്തെങ്കിലും നടപടികളെടുക്കാൻവേണ്ടി ചുമതലപ്പെടുത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. കരുണാകരൻ: ഇക്കാര്യത്തിൽ ഗവൺമെന്റ് ഓഫ് ഇൻഡ്യയുടെ ടൂറിസം ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട് അവർ മുഖേനയും മറ്റ് ഏജൻസികൾ മുഖേനയും സഞ്ചാരികളെ ആകർഷിക്കുന്നതിനാവശ്യമായ നടപടികൾ ഗവൺമെന്റ് ആരംഭിച്ചിട്ടുണ്ട്. അതു വളരെ ഫലപ്രദമായി മുന്നോട്ടു കൊണ്ടുപോകുകയും ചെയ്യും.

ശ്രീ. വർക്കല രാധാകൃഷ്ണൻ: മദ്യവുമായി ബന്ധപ്പെട്ടതുകൊണ്ട് എക്സൈസു വകുപ്പ് വേണ്ടെന്നുവച്ച നമ്മുടെ മുഖ്യമന്ത്രിക്ക് ടൂറിസ്റ്റ് കോർപ്പറേഷൻ നടത്തുന്ന റസ്റ്റാറന്റുകളിൽ മദ്യം നൽകുന്നതിനുള്ള ലൈസൻസ് നിലവിലുണ്ടെന്ന വിവരം അറിയാമോ? നമ്മുടെ നാട്ടിൽ നല്ല കള്ള് വിതരണം ചെയ്യുന്നതിനുവേണ്ടി പണ്ട് ശ്രീ. പുരുഷോത്തമൻ ഏർപ്പെടുത്തിയ ടോഡിപാർലർ എന്നൊരു ഏർപ്പാടുണ്ടായിരുന്നു. നല്ല കള്ള് കൂടി വിദേശ സഞ്ചാരികൾക്ക് കൊടുക്കുന്നതിനുവേണ്ടി, നമ്മുടെ ദേശീയപാനീയമെന്നുള്ള നിലയിൽ, അങ്ങനെയൊരു സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ? അതല്ല, ഇതെല്ലാം വേണ്ടെന്നു വയ്ക്കാനാണോ തീരുമാനം എന്നുള്ളത് അറിഞ്ഞാൽ കൊള്ളാം.

ശ്രീ. കെ. കരുണാകരൻ: ഇൻഡ്യയ്ക്ക് ഒരു ദേശീയപാനീയമില്ലെന്നു മാത്രമല്ല മദ്യനിരോധനമാണ് ഇൻഡ്യയുടെ ലക്ഷ്യം. മദ്യം വിഷമാണെന്നും അതു ചെത്തുകയും വിൽപ്പന നടത്തുകയും ചെയ്യാൻ പാടില്ലെന്നും ഉപദേശിച്ച ശ്രീ. നാരായണഗുരുദേവന്റെ നാടാണ് കേരളം. അതുകൊണ്ട് ഇതിനെക്കുറിച്ച് അങ്ങനെ ഗവൺമെന്റ് തലത്തിൽ ആലോചിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. വി. മുഹമ്മദ്: വിദേശാധിപത്യത്തോട് പട പൊരുതി മരിച്ച ധീരനായ കുഞ്ഞാലിമരയ്ക്കാർുടെ നാടായ കോട്ടയ്ക്കൽ ഒരു ടൂറിസ്റ്റ് കേന്ദ്രമായി ഉയർത്താൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കരുണാകരൻ: കുഞ്ഞാലിമരയ്ക്കാരുടെ പ്രസിദ്ധി മറ്റു വിഭാഗങ്ങളിലുള്ള ജനങ്ങളെ ആകർഷിക്കാൻ സഹായകമാകുന്ന നിലയിൽ എന്തു നടപടി സ്വീകരിക്കാൻ സാധിക്കുമെന്നു പരിശോധിക്കാം.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: പല അംഗങ്ങളും ചൂണ്ടിക്കാണിച്ചതുപോലെ ടൂറിസ്റ്റ് വകുപ്പിന്റെ മുഖ്യമായ ചുമതല നമ്മുടെ മന്ത്രിമാരെ ശ്രദ്ധിക്കുകയാണ്. ടൂറിസം വികസനത്തിൽ ഗൗരവമായി പ്രവർത്തിക്കേണ്ട ഈ ഡിപ്പാർട്ടുമെന്റിന് ആ മുഖ്യമായ ചുമതല കൊടുക്കുകയും, ഹോസ്പിറ്റാലിറ്റി ഡിപ്പാർട്ടുമെന്റ് എന്നു മറ്റൊരു ഡിവിഷൻ വരുന്നതുവരെ ടൂറിസ്റ്റ് ഡിപ്പാർട്ടുമെന്റിനേയും ടൂറിസ്റ്റ് കോർപ്പറേഷനേയും ചുമതല ഒരാളിനെ ഏൽപ്പിച്ച് രണ്ടും കൂടി ഏകീകരിച്ചു കൊണ്ടുപോകാനുള്ള സംവിധാനം നടപ്പാക്കുകയും ചെയ്യാൻ തയ്യാറാകുമോ?

ശ്രീ. കെ. കരുണാകരൻ: അതു പ്രായോഗികമല്ല.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: പുരാതനകാലം മുതൽതന്നെ ധാരാളം വിദേശികളെ ആകർഷിച്ചിട്ടുള്ള കൊച്ചി മേഖലയിൽ പഴയ ഡച്ചുകാർ പണിത കൊട്ടാരവും ജൂതന്മാരുടെ വിശിഷ്ടമായ പള്ളിയും വാസ്കോഡിഗാമയുടെ മൃതദേഹം സംസ്കരിച്ച പ്രസിദ്ധമായ പള്ളിയും സ്ഥിതി ചെയ്യുന്നു. അതിനുപുറമേ വിശാലവും വിസ്തൃതവുമായ പഞ്ചാരമണൽ വിരിച്ച ഒരു ബീച്ചുമൊക്കെയുള്ള ഫോർട്ട്കൊച്ചി മട്ടാഞ്ചേരിക മേഖല ടൂറിസ്റ്റുകളെ ആകർഷിക്കുവാനാവശ്യമായ വിധത്തിൽ പരിഷ്കരിക്കുവാനും അവർക്ക് താമസ സൗകര്യങ്ങളുണ്ടാക്കുവാനും ഒരു പദ്ധതി ആവിഷ്കരിക്കുവാൻ തയ്യാറാകുമോ?

ശ്രീ. കെ. കരുണാകരൻ: കൊച്ചി പ്രദേശത്തിന് പ്രത്യേകമായിട്ടല്ല. കേരളത്തിന്റെ പൊതുവായിട്ടുള്ള പദ്ധതിയിൽ കൊച്ചിയും ഉൾപ്പെടുന്നുണ്ട്.

## വിദേശ ടൂറിസ്റ്റുകൾ

246 [384] ശ്രീ. ടി. എസ്. ജോൺ:
,, പി. സി. ജോർജ്:
,, വി. വി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ ടൂറിസ്റ്റുകളെ കേരള സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിന് ഈ ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ടൂറിസ്റ്റുകളിൽ നിന്നും സംസ്ഥാനത്തിന് 1985–86ൽ ലഭിച്ചവരുമാനം എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(സി) പൊൻമുടി, കോവളം എന്നീ ടൂറിസ്റ്റുകേന്ദ്രങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നതിന് റോപ്പ്വേ നിർമ്മിക്കുന്നതിന് ആലോചനയുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly